# പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം.

(ഹാജർ : ഡോ. ദിവ്യ.എസ്.അയ്യർ.ഐ.എ.എസ്.)

നം.- സി1- 118847/17. തീയതി :29/12/2021.

വിഷയം : ഭൂമി ഏറ്റെടുക്കൽ -(KIIFB Project) പത്തനംതിട്ട ജില്ല-കോഴഞ്ചേരി താലൂക്ക്-ഇലന്തൂർ വില്ലേജ്-സർക്കാർ ആർട്സ് & സയൻസ് കോളേജ്,(ഇലന്തൂർ) വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൽ RFCTLARR ACT 2013 നിയമം വകുപ്പ് -7 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതി ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു.

സൂചന :-
1) 28.11.19 ലെ സ.ഉ.(സാധാ) നം.2127/2019/ഉ.വി.വ.നമ്പർ സർക്കാർ ഉത്തരവ്
2) 28.06.21 തീയതിയിലെ G.O (Rt) 2236/2021/RD നമ്പർ സർക്കാർ ഉത്തരവ്.
3) 29.09.21 തീയതിയിലെ കേരള ഗവൺമെൻറ് അസാധാരണ ഗസറ്റ് നം.2823
4) സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ് ഡയറക്ടറുടെ 16.09.21 തീയതിയിലെ സി.എം.ഡി/ഡി.എസ്./790/2021 നം.കത്ത്.
5) ഈ കാര്യാലയത്തിൽ നിന്നുള്ള 23.11.21 തീയതിയിലെ ഇതേ നം. നടപടിക്രമം.

പത്തനംതിട്ട ജില്ല കോഴഞ്ചേരി താലൂക്ക്, ഇലന്തൂർ വില്ലേജിൽ നിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇലന്തൂർ സർക്കാർ ആർട്സ്&സയൻസ് കോളേജ് വികസനത്തിനായി പൊന്നും വില നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഒന്നാം സൂചന പ്രകാരം ഭരണാനുമതിയും രണ്ടാം സൂചന പ്രകാരം റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയും ലഭ്യമായിട്ടുള്ളതാണ്. പൊന്നുംവില നടപടികളുടെ ഭാഗമായുള്ള Right to Fair Compensation and Transperancy in Land Acquisition, Rehabilitation and Re settlement Act 2013 - സെക്ഷൻ 4 പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം,സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ് എന്ന പഠന യൂണിറ്റിനെ തെരഞ്ഞെടുത്ത് മൂന്നാം സൂചന പ്രകാരംവിജ്ഞാപനം ചെയ്തിട്ടുള്ളതും ടി യൂണിറ്റ് നടത്തിയ സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് നാലാം സൂചന പ്രകാരവും ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

Right to Fair Compensation and Transperancy in Land Acquisition, Rehabilitation and Resettlement Act 2013 സെക്ഷൻ 7 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായുള്ള വിദഗ്ധ സമിതി അഞ്ചാം സൂചന പ്രകാരം രൂപീകരിച്ചിട്ടുള്ളതും വിദഗ്ധ സമിതിയുടെ ശുപാർശ ലഭ്യമായിട്ടുള്ളതുമാണ്.

വിദഗ്ധ സമിതി ശുപാർശ പ്രകാരമുള്ള വിവരങ്ങൾ ചുവടെ പരാമർശിച്ചിരിക്കുന്നു.

എ) ഇലന്തൂർ സർക്കാർ ആർട്സ്&സയൻസ് കോളേജിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് പൊന്നുംവില നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നത്.

ബി) ഇലന്തൂർ സർക്കാർ ആർട്സ്&സയൻസ് കോളേജ് വികസനത്തിനായി RFCTLARR ACT-2013 പ്രകാരം ഏറ്റെടുക്കേണ്ട നിർദിഷ്ട ഭൂമിയ്ക്ക് സമീപം പൊതു അവശ്യങ്ങൾക്കായി ഉപയോഗിക്കാനായുള്ള സർക്കാർ ഭൂമി ലഭ്യമല്ലാത്തതാണ്.

സി) നിർദ്ധിഷ്ട പദ്ധതിയ്ക്കായി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കാൻ ഉദ്ധേശിക്കുന്ന ഭൂമി ആദിവാസി, പട്ടികവർഗ വിഭാഗങ്ങളെയോ, പൊതുസ്വത്തവകാശങ്ങളെയോ, സർക്കാർ, അർദ്ധ സർക്കാർ പദ്ധതിപ്രദേശങ്ങളെയോ ബാധിക്കുന്നതല്ല

ഡി) നിർദ്ധിഷ്ട പദ്ധതിയ്ക്കായി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കാൻ ഉദ്ധേശിക്കുന്ന ഭൂമി പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽ പെട്ടതും ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കി ഏറ്റെടുക്കുന്നതിന് പൂർണ്ണസമ്മതമാണെന്നും കൈവശക്കാർ അറിയിച്ചിട്ടുണ്ട്.

ഇ) നിർദ്ധിഷ്ട പദ്ധതി താരതമ്യേന ലഘുതരമായ പാരിസ്ഥിതിക ആഘാതങ്ങൾ മാത്രമേ സൃഷ്ടിക്കുകയുള്ളൂ.

എഫ്) നിർദ്ധിഷ്ട പദ്ധതി പ്രദേശത്തിനും സമൂഹത്തിനും നേട്ടങ്ങൾ ഉണ്ടാകുന്നതും ആധുനിക സംവിധാനങ്ങളോടു കൂടിയ കോളേജ് ക്യാമ്പസ് വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അത്യാവശ്യവുമാണ്.ആയതിനാൽ പദ്ധതിമൂലമുണ്ടാകുന്ന ആഘാതങ്ങളെ പദ്ധതിയുടെ നേട്ടങ്ങൾ മറികടക്കുന്നതുമാണ്.

നിർദ്ധിഷ്ട പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കേണ്ടത് പൊതുതാല്പര്യ പ്രസക്തമാണ് എന്നത് വ്യക്തമാണ്. ആയതിനാൽ ഇലന്തൂർ സർക്കാർ ആർട്സ്&സയൻസ് കോളേജ് വികസനത്തിനായി പൊന്നും വില നിയമപ്രകാരം ഭൂമി ഏറ്റെടുക്കേണ്ടതനായി സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ടിന്മേൽ സൂചന 6 പ്രകാരം ലഭ്യമാക്കിയ വിദഗ്ധ സമിതി ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. RFCT LARR Act 2013 നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇലന്തൂർ സർക്കാർ ആർട്സ്&സയൻസ് കോളേജ് വികസനത്തിനായി നിർദ്ധിഷ്ട ഭൂമി ഏറ്റെടുക്കാനായുള്ള നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്.

ജില്ലാ കളക്ടർ.

സ്വീകർത്താവ്-

സ്പെഷ്യൽ തഹസിൽദാർ, എൽ,എ.(ജനറൽ) പത്തനംതിട്ട.

പകർപ്പ്.

1 ) പ്രിൻസിപ്പാൾ,സർക്കാർ ആർട്സ് &സയൻസ് കോളേജ്, ഇലന്തൂർ.
2) സെക്രട്ടറി, ഗ്രാമപഞ്ചായത്ത്,ഇലന്തൂർ.
3)ഡെപ്യൂട്ടി കളക്ടർ.(എൽ.എ.) പത്തനംതിട്ട.